ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

NATIONAL BULLETIN

DATE: 20.06.2025 **TIME : 07.25 PM**

പ്രധാന വാർത്തകൾ

1. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ദിവ്യാംഗർക്ക് സമൂഹത്തിന് ഫലപ്രദമായ സംഭാവനകൾ നൽകാനാകുമെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു.

   With the help of innovative technology, Divyangan can make effective contributions to society, says President Draupadi Murmu.

2. 11-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ആന്ധ്രാപ്രദേശിൽ നാളെ നടക്കുന്ന യോഗദിന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

   The country is gearing up for the 11th International Yoga Day celebrations. Prime Minister Narendra Modi will participate in the Yoga Day program to be held in Andhra Pradesh tomorrow.

3. ലോകത്തെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി ഇന്ത്യ മാറുന്നത് ലോകം ശ്രദ്ധയോടെ വീക്ഷിക്കുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി

The world is watching India's emergence as the world's third largest economic power, says Prime Minister Narendra Modi.

4. ഇടനിലക്കാരെ ഒഴിവാക്കി കർഷകരിൽ നിന്ന് നേരിട്ടുള്ള സംഭരണം നാഫെഡ് ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

Union Home Minister Amit Shah says that NAFED will soon start direct procurement from farmers,averting intermediaries.

5. മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി നിയമ ഭേദഗതി ആവശ്യപ്പെട്ട് മന്ത്രി എ.കെ.ശശീന്ദ്രൻ, കേന്ദ്ര വനം മന്ത്രിയ്ക്ക് കത്തയച്ചു.

Minister A.K. Saseendran has written to the Union Forest Minister, seeking amendments to the law to prevent human-wildlife conflict.

6. ലീഡ്സ് ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിനെതിരെ ആദ്യ ഇന്നിംഗ്സ് ബാറ്റിംഗിൽ ഇന്ത്യക്ക് മികച്ച തുടക്കം

India makes a good start in the first innings batting against England in the Leeds Cricket Test.

&&&&&&&&&&&&&&&&

PREZ. VISIT - UTTRAKHAND

ജീവിതത്തിന്റെ എല്ലാ മേഖലകളിലും ദിവ്യാംഗരെ പ്രോത്സാഹിപ്പിക്കേണ്ടതിന്റെ

പ്രാധാന്യം എടുത്തുപറഞ്ഞ് രാഷ്ട്രപതി ദ്രൗപദി മുർമു. ഡെറാഡൂണിലെ **National Institute for the Empowerment of Persons with Visual Disabilities**-ൽ വിദ്യാർത്ഥികളെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി. നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ദിവ്യാംഗർക്ക് സമൂഹത്തിന് ഫലപ്രദമായ സംഭാവനകൾ നൽകാൻ കഴിയുമെന്നും രാഷ്ട്രപതി പറഞ്ഞു. ആക്സസിബിൾ ഇന്ത്യ കാമ്പെയ്നിലൂടെ ദിവ്യാംഗരെ ശാക്തീകരിക്കുന്നതിനും സമൂഹത്തിൽ അവരുടെ തുല്യ പങ്കാളിത്തം ഉറപ്പാക്കുന്നതിനും സർക്കാർ പ്രതിജ്ഞാബദ്ധമാണെന്ന് രാഷ്ട്രപതി കൂട്ടിച്ചേർത്തു.

നേരത്തെ, ഡെറാഡൂണിൽ രാഷ്ട്രപതി നികേതനിൽ വിവിധ പദ്ധതികൾക്കും ശ്രീമതി മുർമു തുടക്കം കുറിച്ചു.

&&&&&&&&&&&&&&&&

PM VISIT BIHAR -INTRO

ബീഹാറിലെ സിവാനിൽ 5,900 കോടി രൂപയുടെ വികസന പദ്ധതികൾക്ക് പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസിംഗിലൂടെ തുടക്കം കുറിച്ചു. നഗരവികസനം, മലിനജല സംസ്കരണം, പ്രധാനമന്ത്രി ആവാസ് യോജന, റെയിൽവേ, വൈദ്യുതി മേഖല, റെയിൽവെ അടിസ്ഥാന സൗകര്യ പദ്ധതികൾ എന്നിവയുമായി

ബന്ധപ്പെട്ട പദ്ധതികളുടെ തറക്കല്ലിടലും ഉദ്ഘാടനവും ആണ് പ്രധാനമന്ത്രി നിർവ്വഹിച്ചത്.

ബീഹാറിലെ പിഎം ആവാസ് യോജന അർബന്റെ 53,000 ത്തിലധികം ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു പ്രധാനമന്ത്രി വിതരണം ചെയ്തു, ആറായിരം കോടിയിലധികം രൂപ ചെലവിൽ പൂർത്തീകരിച്ച വീടുകളുടെ താക്കോൽ ദാനവും അദ്ദേഹം നിർവ്വഹിച്ചു. ലോകം മുഴുവൻ ഇന്ത്യയുടെ വികസനത്തെ അഭിനന്ദിക്കുന്നതായും, ലോകത്തിലെ മൂന്നാമത്തെ വലിയ സാമ്പത്തിക ശക്തിയായി രാജ്യം എങ്ങനെ മാറുന്നു എന്ന് അവർ കാണുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു.

വോയിസ്...

വൈകുന്നേരം ഒഡീഷയിലെ ഭുവനേശ്വർ സന്ദർശിച്ച പ്രധാനമന്ത്രി സംസ്ഥാന സർക്കാർ ഒരു വർഷം പൂർത്തിയാക്കുന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 18,000 കോടിയിലധികം വിലമതിക്കുന്ന വികസന പദ്ധതികളുടെ ഉദ്ഘാടനവും തറക്കല്ലിടലും അദ്ദേഹം നിർവഹിച്ചു.

&&&&&&&&&&&&&&&&&

AMIT SHAH – NAFED

കാർഷിക ഉൽപാദന പ്രക്രിയയിൽ, ഇടനിലക്കാരെ ഒഴിവാക്കി, കർഷകരിൽ നിന്ന് നേരിട്ടുള്ള സംഭരണം

നാഫെഡ് ഉടൻ ആരംഭിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. അന്താരാഷ്ട്ര സഹകരണ വർഷത്തോടനുബന്ധിച്ച് മുംബൈയിൽ നടന്ന ദേശീയ സെമിനാറിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സഹകരണ മാതൃകയിൽ സർക്കാർ ഇൻഷുറൻസ് കമ്പനി ആരംഭിക്കുമെന്നും രാജ്യത്തുടനീളം രണ്ട് ലക്ഷം പുതിയ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ സ്ഥാപിക്കുമെന്നും ശ്രീ അമിത് ഷാ പറഞ്ഞു. അടുത്ത പത്ത് വർഷത്തിനുള്ളിൽ, കയറ്റുമതി, ജൈവ ആഹാരം, വിത്തുകൾ എന്നീ മൂന്ന് പ്രധാന മേഖലകളിൽ വലിയ സഹകരണ സ്ഥാപനങ്ങൾ ഉയർന്നുവരുമെന്നും അദ്ദേഹം ആത്മവിശ്വാസം പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&

SHIVRAJ SINGH CHOUHAN

രാജ്യത്ത് ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക, കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയാണ് സർക്കാരിന്റെ പ്രധാന ലക്ഷ്യങ്ങളെന്ന് കേന്ദ്ര മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ. കാർഷിക വരുമാനം വർദ്ധിപ്പിക്കുന്നതിനും അനുബന്ധ വ്യവസായങ്ങളിലൂടെ കർഷകരെ പിന്തുണയ്ക്കുന്നതിനും പരിസ്ഥിതി സൗഹൃദ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും നിരവധി പദ്ധതികൾ കേന്ദ്രം അവതരിപ്പിച്ചിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. മുംബൈയിൽ ദേശീയ സഹകരണ സെമിനാറിൽ പങ്കെടുക്കുകയായിരുന്നു ശ്രീ ചൗഹാൻ.

&&&&&&&&&&&&&&&&&

AXIOM 4 POSTPONED

ഇന്ത്യൻ ബഹിരാകാശസഞ്ചാരി ശുഭാൻശു ശുക്ല ഭാഗമായ ആക്സിയം-4 ബഹിരാകാശ ദൗത്യം വീണ്ടും മാറ്റിവച്ചു. ജൂൺ 22 ന് വിക്ഷേപണം നടക്കുമെന്നാണ് മുൻപ് അറിയിച്ചിരുന്നത്. ഓർബിറ്റൽ ലബോറട്ടറിയുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾ വിലയിരുത്തുന്നതിന് കൂടുതൽ സമയം ആവശ്യമായ സാഹചര്യത്തിലാണ് ദൗത്യം മാറ്റിവച്ചതെന്ന് നാസ അറിയിച്ചു. ദൗത്യ സംഘം ഫ്ലോറിഡയിൽ ക്വാറന്റൈനിൽ തുടരുകയാണ്.

&&&&&&&&&&&&&&&&&

GADKARI INTERVIEW

കഴിഞ്ഞ വർഷങ്ങളിൽ ഇന്ത്യ ലോജിസ്റ്റിക് മേഖലയിലെ ചെലവ് ഗണ്യമായി കുറച്ചിട്ടുണ്ടെന്ന് കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രി നിതിൻ ഗഡ്കരി. ഈ വർഷം അവസാനത്തോടെ ചെലവ് ഏകദേശം ഒമ്പത് ശതമാനമായി കുറയ്ക്കുമെന്നും ഇത് രാജ്യത്തിന്റെ വികസനത്തിൽ ഒരു പ്രധാന പങ്ക് വഹിക്കുമെന്നും അദ്ദേഹം പറഞ്ഞു. ആകാശവാണി വാർത്തകൾക്ക് നൽകിയ പ്രത്യേക അഭിമുഖത്തിലാണ് ശ്രീ ഗഡ്കരി ഇക്കാര്യം അറിയിച്ചത്.

&&&&&&&&&&&&&&&&&

YOGA DAY

11-ാമത് അന്താരാഷ്ട്ര യോഗ ദിനാഘോഷങ്ങൾക്കൊരുങ്ങി രാജ്യം. ആന്ധ്രാപ്രദേശിൽ നാളെ നടക്കുന്ന യോഗദിന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും. വിശാഖപട്ടണത്തെ ആർ.കെ ബീച്ചിൽ അഞ്ച് ലക്ഷം പേർ പ്രധാനമന്ത്രിയ്ക്കൊപ്പം യോഗാന്ധ്ര 2025 യോഗാഭ്യാസ പരിപാടികളിൽ പങ്കുചേരും.

(ജിംഗിൾ)

അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനുമായി യോഗ എന്ന പ്രമേയത്തിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നേതൃത്വത്തിൽ നാളെ രാജ്യത്തുടനീളം യോഗ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. തിരുവനന്തപുരത്ത് നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യനും, കൊച്ചിയിൽ നടക്കുന്ന യോഗദിനാചരണത്തിൽ കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപിയും, മലപ്പുറം കോട്ടക്കലിൽ നടക്കുന്ന പരിപാടിയിൽ കേന്ദ്ര സഹമന്ത്രി രാംദാസ് അതാവലെയും പങ്കെടുക്കും. കേരള രാജ്ഭവനിൽ സംഘടിപ്പിക്കുന്ന പരിപാടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഉദ്ഘാടനം ചെയ്യും. ഡൽഹിയിലെ ചുവപ്പ്കോട്ട, കർത്തവ്യ പഥ് തുടങ്ങിയ സുപ്രധാന കേന്ദ്രങ്ങളിലും പ്രത്യേക പരിപാടികൾ നടക്കും.

&&&&&&&&&&&&&&&&

PIYUSH GOYAL - IGF (INTRO)

ഇന്ത്യ ഉടൻ തന്നെ ആഗോള നവീകരണത്തിന്റെ കേന്ദ്രമായി മാറുമെന്ന് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രി പിയൂഷ് ഗോയൽ. അടുത്ത 15 വർഷത്തിനകം നൂതനാശയ മേഖലയിൽ ഇന്ത്യ വൻ നിക്ഷേപം നടത്തുമെന്ന് അദ്ദേഹം പറഞ്ഞു. സബ്സിഡി, ഗ്രാൻറ് എന്നിവയിലൂടെ സർക്കാർ ഇതിനുള്ള പിന്തുണ നൽകുമെന്നും ശ്രീ ഗോയൽ വ്യക്തമാക്കി. ലണ്ടനിൽ, സയൻസ് മ്യൂസിയം ഗ്രൂപ്പ് ഡയറക്ടറുമായി കൂടിക്കാഴ്ച നടത്തവെയാണ് കേന്ദ്രമന്ത്രി ഇക്കാര്യം വ്യക്തമാക്കിയത്.

(ഹോൾഡ്)
ഇന്ത്യ-യുകെ സ്വതന്ത്ര വ്യാപാര കരാർ, ശാസ്ത്രം, സാങ്കേതികവിദ്യ, നവീകരണം എന്നിവയിൽ ഇരു രാജ്യങ്ങളുടെയും സഹകരണം മെച്ചപ്പെടുത്താൻ സഹായിക്കുമെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

IRAN-ISRAEL

ഇസ്രായേലും ഇറാനും തമ്മിലുള്ള സംഘർഷം എട്ടാം ദിവസവും രൂക്ഷമായി തുടരുന്നു. തെക്കൻ ഇസ്രായേലിലെ ബീർഷെബയിൽ ഇറാൻ നടത്തിയ മിസൈൽ ആക്രമണത്തിൽ കനത്ത നാശനഷ്ടങ്ങളുണ്ടായതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. ആക്രമണത്തിൽ അഞ്ചിലധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. അതേസമയം, ഇറാനിലെ ടിബീരിയാസ്, കെർമൻഷാ മേഖലകളിലെ മിസൈൽ സംഭരണ, വിക്ഷേപണ സൗകര്യങ്ങൾ

ആക്രമിച്ചതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. അതിനിടെ ഓസ്ട്രേലിയ, സ്ലൊവാക്യ, ചെക്ക് റിപ്പബ്ലിക് എന്നീ രാജ്യങ്ങൾ ടെഹ്റാനിലെ എംബസികളുടെ പ്രവർത്തനങ്ങൾ താൽക്കാലികമായി നിർത്തിവച്ചു. നിലവിലെ സംഘർഷം ലഘൂകരിക്കുന്നതിന്റെ ഭാഗമായി ഇറാൻ വിദേശകാര്യ മന്ത്രി അബ്ബാസ് അരഗ്ചി ജനീവയിൽ ജർമ്മനി, ഫ്രാൻസ്, യുകെ എന്നിവിടങ്ങളിലെ വിദേശകാര്യമന്ത്രിമാരുമായി കൂടിക്കാഴ്ച നടത്തും. അതേസമയം, ഇറാനിലെയും ഇസ്രായേലിലെയും ഇന്ത്യൻ വിദ്യാർത്ഥികളെ തിരികെയെത്തിക്കുന്നതിനുള്ള ഓപ്പറേഷൻ സിന്ധു തുടരുകയാണ്.

&&&&&&&&&&&&&&&&

IND VS ENG CRIC

ഇന്ത്യ -ഇംഗ്ലണ്ട് ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ ആദ്യ മത്സരം ലീഡ്സിലെ യോക്ക്ഷെയർ ക്രിക്കറ്റ് സ്റ്റേഡിയത്തിൽ പുരോഗമിക്കുന്നു. ടോസ് നേടിയ ഇംഗ്ലണ്ട് ഇന്ത്യയെ ബാറ്റിംഗിന് അയച്ചു. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഇന്ത്യ 2 വിക്കറ്റ് നഷ്ടത്തിൽ 183 റൺസ് എന്ന നിലയിലാണ്. പരമ്പരയിൽ ആകെ 5 മത്സരങ്ങളാണുള്ളത്.

&&&&&&&&&&&&&&&&

A K SASINDRAN

മനുഷ്യ-വന്യജീവി സംഘർഷം തടയുന്നതിനായി 1972-ലെ വന്യജീവി സംരക്ഷണ നിയമം ഭേദഗതി ചെയ്യണമെന്നും,

കാട്ടുപന്നിയെ ക്ഷുദ്രജീവിയായി പ്രഖ്യാപിക്കണമെന്നും ഉൾപ്പെടെയുള്ള ആവശ്യങ്ങൾ ഉന്നയിച്ച് വനം മന്ത്രി എ.കെ.ശശീന്ദ്രൻ, കേന്ദ്ര വനം -പരിസ്ഥിതി മന്ത്രിയ്ക്ക് വീണ്ടും കത്തയച്ചു. ജനവാസ കേന്ദ്രങ്ങളിലിറങ്ങുന്ന വന്യമൃഗങ്ങളുടെ ആക്രമണം തടയുന്നതിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ അധികാരങ്ങൾക്ക്, നിയമ പരിമിതികളുണ്ടെന്ന് കേന്ദ്ര വനം - പരിസ്ഥിതി മന്ത്രാലയം ചൂണ്ടിക്കാണിച്ച സാഹചര്യത്തിലാണ് കത്തയച്ചത്.

&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&